പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3672 | 20/10/2016-ൽ മറുപടിക്ക്

## സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. പി.കെ അബ്ദു റബ്ബ്<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് പുറത്തായ സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം നിർത്തിവെക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പുനർവിന്യാസ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുവാൻ സർക്കാർ തലത്തിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. എന്നാൽ ബഹു. കേരള ഹൈക്കോടതിയിലുള്ള റിട്ട് പെറ്റീഷൻ നം. 27337/16 തുടങ്ങിയ കേസുകളിൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പുനർവിന്യാസ പ്രവർത്തനങ്ങൾ താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം ഇതിനകം പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;<br>(സി) ഇനി ഏതൊക്കെ ജില്ലകളിൽ സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം നടത്താനുണ്ട്; അത് എന്നത്തേക്ക് പൂർത്തിയാകും; വിശദാംശങ്ങൾ നൽകുമോ? | (ബി) യും (സി) യും വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ